## കത്തുകൾ




# കലാരംഗം ശൂന്യമാവുന്നതിനു മുമ്പ്

'ദൃശ്യഭാഷയുടെ മൗലിക ശുദ്ധി', 'കണ്ണുപൊട്ടിയ ഖൗമിന്റെ കാഴ്ചപ്പെടലുകൾ', 'ജന്നാത്തുൽ ഫിർദൗസും സിനിമാറ്റിക് ഡാൻസും' തുടങ്ങി മൂന്ന് തലക്കെട്ടുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ (ജൂലൈ 21) നിലവിലെ മുസ്‌ലിം കലാ-സാംസ്കാരികരംഗം കൊഴുപ്പിക്കുന്ന ആൽബങ്ങളും ടെലിഫിലിമുകളും പഠനവിധേയമാക്കിയെന്ന നിലയിൽ ശ്രദ്ധേയമായി. പ്രവാചകനും സ്വഹാബത്തും നബിചരിത്രവുമെല്ലാം ആധുനിക ഇസ്‌ലാമിക സാംസ്കാരിക പരിസരത്ത് ആൽബങ്ങളിലൂടെയും മറ്റും മുറിവേൽപിക്കപ്പെടുന്നതു കണ്ട് അത് നൽകുന്ന അശ്ലീലമായ ട്രാജഡിയുടെ അന്ത്യരംഗത്തിനു മുമ്പേ വിശദമായി വിലയിരുത്താൻ എഴുത്തുകാരും *പ്രബോധന*വും ശ്രമിച്ചുവെന്നത് ശ്ലാഘനീയംതന്നെ.

ലേഖനങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ പരാമർശവിധേയനായ സലാം കൊടിയത്തൂരിന്റെ ഏഴാം ടെലിഫിലിം പുറത്തുവന്ന സവിശേഷ സന്ദർഭത്തിൽ ലേഖനങ്ങളിലെ സന്ദേശം വളരെ വ്യക്തവുമായിരുന്നു. പക്ഷേ, നിലവിലെ കലാ-സാംസ്കാരികരംഗത്ത് സലാം നടത്തിയ പോസിറ്റീവായ ചില ഇടപെടലുകൾ കാണാതിരിക്കുന്നത് കലയെ മനസ്സിലാക്കിയെന്നും 'നിറയെ കാഴ്ചപ്പാടു'ണ്ടെന്നും ധ്വനിപ്പിക്കുന്നവർ ശ്രദ്ധിക്കാതിരിക്കുന്നത് ശൂന്യതക്കു ശേഷം മറ്റൊരു ശൂന്യത വരാതിരിക്കാൻ സഹായകമായേക്കും.

ജമീൽ അഹ്മദ് സൂചിപ്പിച്ചപോലെ 'കനലെരിയുന്ന മനസ്സുമായി നടക്കുന്ന കുറേ ചെറുപ്പക്കാർ' നാടക-ചലച്ചിത്ര രംഗത്ത് പതിപ്പിക്കേണ്ട ഇസ്‌ലാമിക മുദ്രണങ്ങളെക്കുറിച്ച് ആലോചിച്ചും ക്യാമ്പ് നടത്തിയും പിന്നീട് എല്ലാം ഉപേക്ഷിച്ച് താടി വളർത്തി നടക്കുകയും ചെയ്ത സമയത്താണ് സലാം കൊടിയത്തൂർ ഈ രംഗത്തേക്ക് കടന്നുവരുന്നത്. നേരത്തേ 25-ൽ അധികം നാടകങ്ങൾ ചെയ്ത സംവിധായകൻ എന്ന പരിചയവും അദ്ദേഹത്തിനുണ്ടായിരുന്നു. നിലവിൽ ചലച്ചിത്രരംഗം കൈയടക്കി അശുദ്ധമാക്കിയ സാംസ്കാരിക പരിസരത്ത് തന്നെ, തികച്ചും വ്യത്യസ്തമായി, തന്റേതായ കഥയും കഥാപാത്രങ്ങളുമായി ഒരു ഇസ്‌ലാമിക ബദൽ നിർമിക്കാൻ ശ്രമിച്ച ആദ്യ സംവിധായകൻ എന്ന നിലയിൽ സലാം തന്റെ അടയാളപ്പെടുത്തൽ നടത്തിയിട്ടുണ്ട്. സാങ്കേതിക മികവ് വേണ്ടത്ര അവകാശപ്പെടാനില്ലാത്ത 'നിങ്ങളെന്നെ ഭ്രാന്തനാക്കി' ശ്രദ്ധേയമാകുന്നത് അനാഥമായ സാമുദായിക, സാംസ്കാരിക പരിസരം സനാഥമാക്കി എന്ന തിരിച്ചറിവിലാണ്.

സമുദായത്തെ രാപ്രസംഗങ്ങളിലൂടെ ഉണർത്തിയും ക്ലാസ്സുകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ഉദ്ബോധിപ്പിച്ചും മുന്നോട്ടുപോകുമ്പോൾ തന്നെ ദൃശ്യ കലാരംഗം ശൂന്യമായിത്തന്നെയിരുന്നു. മുഖ്യധാരാ സിനിമകൾ ഉൽപാദിപ്പിക്കുന്ന മുസ്‌ലിം ഐക്കണുകൾ അങ്ങനെത്തന്നെ സമുദായം ഉൾക്കൊള്ളുമ്പോഴും നടേ പറഞ്ഞ 'നീറുന്ന മനസ്സുകൾ' സംവാദങ്ങളിൽതന്നെയായിരുന്നു. മാസ് മീഡിയയുടെ മാസ്മരികത മെല്ലെ കീഴടക്കിക്കൊണ്ടിരുന്ന പ്രാസ്ഥാനിക വീടകങ്ങൾ പോലും മുഖ്യധാരാ സിനിമാ കാസറ്റുകളോ പ്രസംഗങ്ങളോ നിറഞ്ഞുനിന്ന വേളയിൽ സലാമിന് ചെയ്യാൻ കുറെയേറെയുണ്ടായിരുന്നു.

മുഖ്യധാരാ സിനിമകളിൽ തൽപരകക്ഷികൾ മെനഞ്ഞെടുത്ത മുസ്‌ലിംവിരുദ്ധത നിർബാധം തുടർന്നുകൊണ്ടിരിക്കെ ഒരു ഇസ്‌ലാമിക ഇടപെടലിന് ചെയ്യാൻ ഒരുപാടുണ്ടായിരുന്നു. തുടക്കക്കാർക്ക് സംഭവിക്കാവുന്ന ചില സ്ഖലിതങ്ങൾ മാറ്റിനിർത്തിയാൽ കേരളീയ ഇസ്‌ലാമിക ദൃശ്യകലാരംഗത്തെ വാർപ്പുമാതൃകകൾക്ക് സലാം ചെറുതല്ലാത്ത സംഭാവന നൽകി.

മുസ്ത്വഫാ അഖാദും മാജിദ് മജീദിയും സാധിച്ച ഒരു ഇസ്‌ലാമിക ബദൽ കുറഞ്ഞ മുതൽമുടക്കും ആൾബലവുമുള്ള ഒരു സംവിധായകനിൽനിന്ന് പ്രതീക്ഷിക്കുന്നത് ലളിതമായി പറഞ്ഞാൽ ഫ്രെയിമിലൊതുങ്ങാത്തതായി. മുസ്ത്വഫാ അഖാദ് അനുഭവിച്ച ഒരു പ്രതിസന്ധിയായിരുന്നില്ല കേരളീയ കലാരംഗം സലാമിന് നൽകിയിരുന്നത്. അല്ലെങ്കിലും ചായയും വറുത്ത

## ദൃശ്യഭാഷ: ചില വിയോജിപ്പുകൾ

ദൃശ്യഭാഷയെക്കുറിച്ചുള്ള കവർസ്റ്റോറി (ലക്കം 7) വായിച്ചു. ഏതൊരു മാധ്യമത്തിന്റെയും അടിസ്ഥാന ദൗത്യം, പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്ന സന്ദേശം അതിലൂടെ ജനങ്ങളിലെത്തിക്കുക എന്നതാണല്ലോ. ഒരു ലേഖകൻ സൂചിപ്പിക്കുന്നതുപോലെ, ക്യാമറ ജീവിതം കൊണ്ടുള്ള സാക്ഷ്യപ്പെടുത്തൽതന്നെ. എന്നാൽ ആ സാക്ഷ്യങ്ങളെ വിജയകരമായി പ്രേക്ഷകരിലേക്ക് എത്തിക്കുക എന്നതാണ് ഒരു സംവിധായകനെ സംബന്ധിച്ചേടത്തോളം ഏറ്റവും പ്രധാനം. നമ്മുടെ കാലത്ത് അനിസ്‌ലാമിക വശങ്ങൾ കടന്നുകയറാതെ ഇത്തരം ആവിഷ്കാരങ്ങൾ രൂപപ്പെടുത്തിയെടുക്കുക എന്നതുതന്നെ അഭിനന്ദനാർഹമാണ്. അബ്ബാസ് കിരസ്തമിയുടെയും മാജിദ് മജീദിയുടെയുമൊക്കെ നിലവാരത്തിലുള്ള ദൃശ്യാവിഷ്കാരങ്ങൾ മലയാളത്തിലിറങ്ങിയാൽ അതിന് നമ്മുടെ കേരളത്തിൽ ലഭിക്കുന്ന പ്രേക്ഷക പ്രതികരണം എന്തായിരിക്കും? 'ചിൽഡ്രൻ ഓഫ് ഹെവൻ' മലയാളത്തിലേക്ക് ഡബ്ബ് ചെയ്ത വേങ്ങരയിലെ യുവജന കൂട്ടായ്മക്കെങ്കിലും അക്കാര്യം ബോധ്യപ്പെട്ടിരിക്കുമെന്ന് കരുതുന്നു.

ഇത്തരം വിഷയങ്ങളെ വിശകലനവിധേയമാക്കുമ്പോൾ നാം മുന്നിൽ കാണേണ്ടത് ശരാശരി നിലവാരത്തിലുള്ള സാധാരണക്കാരെയാണ്. അതുകൊണ്ടുതന്നെ, കലാപരമായി ഉന്നത നിലവാരം പുലർത്തുന്ന, എന്നാൽ പ്രേക്ഷകരിലെത്താത്ത കലാസൃഷ്ടികളേക്കാൾ ഗുണകരമാവുക, ശരാശരി നിലവാരത്തിലുള്ള, എന്നാൽ സാധാരണക്കാരോട് സംവദിക്കുന്ന, സലാം കൊടിയത്തൂരിന്റേതു പോലുള്ള ദൃശ്യാവിഷ്കാരങ്ങൾതന്നെയാണ്. ഇത്തരം സൃഷ്ടികൾക്ക് എന്തുതന്നെ പരിമിതികളുണ്ടെങ്കിലും സമുദായത്തിൽ നിലനിൽക്കുന്ന സാമൂഹിക തിന്മകളെക്കുറിച്ച് നമ്മുടെ കുടുംബങ്ങളിൽ ശക്തമായ അവബോധം സൃഷ്ടിച്ചെടുക്കാനും അതിനെതിരെ തുടിക്കുന്ന ഒരു മനസ്സെങ്കിലും രൂപപ്പെടുത്തിയെടുക്കാനും അവക്ക് സാധിക്കുന്നു.

ആൽബങ്ങളുടെയും സീരിയലുകളുടെയും നിർമാതാക്കളെപ്പോലെ പണം മുടക്കി ലാഭം കൊയ്യുന്ന സിനിമാ മുതലാളിമാരല്ല ഇത്തരം ടെലിഫിലിമുകളുടെ നിർമാതാക്കൾ. മറിച്ച് സാധാരണക്കാരായ ഗൾഫ് മലയാളികളാണ്. അപ്പോൾ അവരുടെ സാമ്പത്തിക സ്രോതസ്സിനും അവർ നിർമിക്കുന്ന കലാസൃഷ്ടികൾക്കും ആ പരിധിയും പരിമിതിയും തീർച്ചയായും കാണും.

**പി. മുനീബ്**

കായും കൊറിച്ച് ഗഹനമായി കലാരംഗവും സാംസ്കാരിക ഭൂമികയും ചർച്ചചെയ്ത് വാചാലരാകാൻ നമ്മുടെ ബുദ്ധിജീവികൾ എന്നോ കഴിവ് തെളിയിച്ചിട്ടുണ്ട്. സാങ്കേതിക മികവും പാത്രസൃഷ്ടിയും ലോകനിലവാരത്തോളം വേണമെന്ന് വാശിപിടിച്ചുകളയും ഇവർ. പൊള്ളുന്ന സാംസ്കാരിക സാമൂഹിക പരിസരത്തുനിന്നും ചീന്തിയെടുത്ത ചിന്തയിൽ ചുട്ടെടുത്ത നർമത്തെ പോലും 'കൾച്ചറൽ മിമിക്രി'യെന്നാക്ഷേപിച്ചുകളയും ഇവർ. വേണ്ടത്ര പ്രോത്സാഹനവും ബൗദ്ധിക പിന്തുണയും നൽകേണ്ടിടത്ത് ലോക ക്ലാസിക് എന്ന ഉമ്മാക്കി കാണിച്ച് ഭയപ്പെടുത്തികളയും ഇവർ. എത്രത്തോളമെന്നാൽ ഇസ്‌ലാമിക കലയുടെ ഒരു ലോംഗ് ഷോട്ടെങ്കിലും പകർത്താൻ ശ്രമിക്കുമ്പോഴും സമാന്തരമായി ഉൽപാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അശ്ലീല സി.ഡി-ആൽബ മാലിന്യങ്ങളുടെ പേറ്റന്റ് പോലും ഇവർക്ക് ചാർത്തികൊടുക്കാൻ നടേ പറഞ്ഞ ബുജികൾ ധൈര്യം കാണിച്ചുകളയും. ഇത്തരം ശ്ലീല ഉപദേശങ്ങൾ കേട്ട് രംഗം വിടുന്നവരെ നോക്കി ഇതേ ടീം പഴയതുപോലെ 'കനലെരിയുന്ന മനസ്സുമായി' സംവാദം നടത്തിക്കൊണ്ടേയിരിക്കും. പേനക്കും നാവിനും സാധിക്കുന്ന ഈയൊരാർജവം ദൃശ്യരംഗത്തും പ്രകടിപ്പിക്കാത്തേടത്തോളം ഇറാൻ സിനിമയെക്കുറിച്ചും മാജിദ് മജീദിയെ കുറിച്ചും ചർച്ച ചെയ്ത് സമുദായത്തെ നമുക്ക് വീണ്ടും 'പരീക്കുട്ടി'മാരുടെ കൈയിലേൽപ്പിക്കാം.

ഈ രംഗത്ത് 'തനിമ'യുടെ 'വധു' വിനു പോലും വേണ്ടത്ര മാതൃകകൾ നൽകാൻ സാധിക്കാതെ പോയി. ഇറാനിയൻ സിനിമകളുടെ മേന്മകൾ പോലെത്തന്നെ ചില പോരായ്മകളും ലോകം ചർച്ചചെയ്തിരുന്നു. കടുത്ത സെൻസർഷിപ്പുകൾക്കിടയിലും പുറത്തുവരുന്ന സിനിമകളെ പ്രോത്സാഹിപ്പിച്ചതിനാലും അതിന്റെ വീഴ്ചകളെ മനഃപൂർവം കാണാതിരുന്നതിനാലുമാണ് ഇറാൻ സിനിമകൾ വന്നുകൊണ്ടേയിരിക്കുന്നത്. രണ്ട് കൈയുമില്ലാത്തവൻ കാലുകൊണ്ടെഴുതുന്നതിനെ പ്രോത്സാഹിപ്പിക്കുകയായിരുന്നു ലോകമനസ്സ്. ഈയൊരു സമീപനം വളർന്നുവരുന്ന നല്ല സംരംഭങ്ങൾക്കും നൽകിയില്ലെങ്കിൽ സംഭവിക്കുന്ന കലാശൂന്യത എത്രമാത്രം അസഹനീയമല്ല!

ഇനിയും വേണ്ടത്ര വികസിച്ചിട്ടില്ലാത്ത ഇസ്‌ലാമിക കലാ-സാംസ്കാരിക ഭൂമികയിൽ നടത്തുന്ന ചെറിയ ഒരിടപെടൽ പോലും ശ്രദ്ധിക്കുകയും വെള്ളമൊഴിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിടത്ത് കാഴ്ചയും കാഴ്ചപ്പാടും സ്വയമുണ്ടെന്ന് ഭാവിക്കുകയും മറ്റുള്ളവയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നത് ഖൗമിനെ പഴയ സാംസ്കാരിക മലിനീകരണത്തിലേക്ക് തള്ളാനേ ഉപകരിക്കൂ.

**ഇബ്നു അബ്ദുർറഹ്മാൻ**
**ന്യൂദൽഹി**

# സിനിമയെന്ന ശക്തമായ മാധ്യമം

സലാം കൊടിയത്തൂരിന്റെ ടെലിസിനിമകൾ ശക്തമായ ഒരു ചുവടുവെപ്പു തന്നെയാണ്. പക്ഷേ, ഏഴു സിനിമകൾക്കു ശേഷവും തന്റെ പതിവു ചേരുവകളിൽ മാറ്റം വരുത്താൻ കഴിയാതെവരികയെന്നത് അരോചകമായി അനുഭവപ്പെടുന്നു. പണ്ടത്തെ മലയാള സിനിമകളിൽ അരയിൽ വീതികൂടിയ റാണി ബെൽട്ടും കത്തിയുമായി കൈയുള്ള ബനിയനും കള്ളിമുണ്ടുമണിഞ്ഞെത്തുന്ന 'കാക്ക'യായ മുസ്‌ലിമിൽനിന്നും എന്തു വ്യത്യാസമാണ് പൊന്തിയ പല്ലും കാട്ടി 'ഡഗഡഗ'യെന്നു പറഞ്ഞ് അസ്ഥാനത്ത് പ്രത്യക്ഷപ്പെടുന്ന ലീക്ക് ബീരാനിലൂടെ സലാം നമുക്ക് കാട്ടിത്തരുന്നത്?

വ്യക്തമായ കാഴ്ചപ്പാടില്ലാതെ കേവലം ഉപരിപ്ലവമായി മാത്രം സിനിമയെന്ന മാധ്യമത്തെ സമീപിക്കുന്ന ഇത്തരം സിനിമകൾ സമൂഹത്തിന് നൽകുന്ന സന്ദേശം എന്താണ്? അതിനെ വാരിപ്പുണരുന്ന ഇസ്‌ലാമികപ്രവർത്തകർക്ക് സിനിമയെന്ന മാധ്യമത്തിന്റെ ശക്തി മനസ്സിലാക്കാൻ കഴിയുന്നുണ്ടോ? അഡ്വ. സലാം സംവിധാനം ചെയ്ത 'തനിമ'യുടെ 'വധു' ഭദ്രമായ കഥാ-തിരക്കഥയുടെ പിൻബലത്തിൽ നിർമിക്കപ്പെട്ട ചിത്രമാണ്. നല്ല വിഷ്വൽ പാക്കിംഗ് അതിന് ലഭിച്ചിട്ടുണ്ട്. സിനിമയെ ഗൗരവമായി സമീപിക്കുന്ന 'പണിയറിയുന്ന ഒരാളി'ന്റെ സാന്നിധ്യം അതിൽ കാണാനുണ്ട്.

ഒരു കാലത്ത് മലയാള സിനിമയിലെ സജീവ സാന്നിധ്യമായ സമാന്തര സിനിമാധാര ഇന്ന് നിർജീവമാണ്. *അഗ്രഹാരത്തിലെ കഴുതയും ഒരിടത്തൊരു ഫയൽവാനും ഒരിടത്തും എലിപ്പത്തായവു*മായി ഒരുപറ്റം ജീവിക്കുന്ന സിനിമകളിലൂടെ ജോണും അരവിന്ദനും പത്മരാജനും വിരാജിച്ച സിനിമാരംഗം, അടിച്ചമർത്തപ്പെട്ടവന്റെ കണ്ണാടിയായി വർത്തിച്ച സിനിമാരംഗം ഒരുപാട് സങ്കേതങ്ങൾ നിർമിച്ചുനൽകിയിട്ടുണ്ട്. തീർച്ചയായും അവരിൽ പലരും വ്യക്തിപരമായി സ്വഭാവദൂഷ്യമുള്ളവരും അനുകരിക്കാൻ പാടില്ലാത്തവരും തന്നെ. എങ്കിലും അവർ പറഞ്ഞുതന്ന ഒരു കഥാകഥന ശൈലിയുണ്ട്. അത് നമുക്കും ചേരും. ഇത്തരം ഉദാത്ത സിനിമകൾ നമ്മിൽനിന്നും ഉണ്ടാകണം. ചളിക്കുണ്ടുകൾ നിറഞ്ഞതാണ് എന്നറിഞ്ഞുതന്നെ നാം ആ സാംസ്കാരിക മാധ്യമത്തിലേക്ക് എത്തിപ്പെടണം. തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിലേക്കും നാം കടക്കുന്നത് അവിടം മാലിന്യങ്ങൾ നിറഞ്ഞതാണ് എന്നറിഞ്ഞുതന്നെയല്ലേ? സിനിമയുടെ ശക്തി ഇസ്‌ലാമിക പ്രസ്ഥാനം തൊട്ടറിയണം.

ഇന്നത്തെ മുഖ്യധാരാ ചിത്രങ്ങളിൽ അധികവും ചവറുകളാണ്. എങ്കിലും അത് ജനമനസ്സുകളിൽ നിർമിക്കുന്ന ഇംപാക്ട് വലുതാണ്. തമിഴ്നാട്ടിലും ആന്ധ്രയിലും ജനകീയ സർക്കാറുകളെ സൃഷ്ടിച്ചത് സിനിമാരംഗത്തുനിന്നാണ് എന്നത് എഴുതിത്തള്ളേണ്ട കാര്യമല്ല. ചരിത്രത്തിന്റെ അപനിർമാണം ഇന്ന് സിനിമയിലൂടെയാണ് മുഖ്യമായും നടക്കുന്നത്. കാരണം എളുപ്പത്തിൽ ജനങ്ങളിലെത്തുമല്ലോ. ഒരുദാഹരണം പറയാം: 'കാലാപാനി'യെന്ന മലയാള ചിത്രം പ്രതിപാദിക്കുന്നത് സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ വേട്ടയാടപ്പെട്ട ദേശാഭിമാനികൾ അന്തമാനിലെ സെല്ലുലാർ ജയിലിൽ അടക്കപ്പെടുകയും അവിടെ പീഡിപ്പിക്കപ്പെടുകയും ചെയ്ത ചരിത്രത്തെയാണ്. ബ്രിട്ടീഷ് പോലീസിന്റെ തോക്കിനും ബൂട്ടിനും മുന്നിൽ വിരിമാറ് കാട്ടി തലയുയർത്തിനിന്ന നൂറുകണക്കിന് ധീരന്മാരിൽ പലരെയും തമസ്കരിച്ചുകൊണ്ട് ആ സിനിമ ഉയർത്തിക്കാട്ടുന്നത് സവർക്കറെയാണ്; ബ്രാഹ്മണനെ മലം തീറ്റിക്കുന്ന മിർസയെന്ന മുസ്‌ലിം ജയിലറുടെ ക്രൂരതകളെയാണ്. ആരാണീ സവർക്കർ? 'കാലാപാനി'യിലായിരിക്കെ മുപ്പതിലധികം തവണ ബ്രിട്ടീഷ് സർക്കാറിന് മാപ്പപേക്ഷ നൽകി മോചനം യാചിച്ചുവാങ്ങിയ ആൾ. ഇദ്ദേഹമാണ് ഇന്ത്യയിലാദ്യമായി ദ്വിരാഷ്ട്ര വാദം ഉയർത്തിയത്. ഇദ്ദേഹത്തിന്റെ ബ്രാഹ്മണ സഭയാണ് ആർ.എസ്.എസ്സിന് വഴിമരുന്നിട്ടത്. എൻ.ഡി.എ ഭരണകാലത്ത് ഇദ്ദേഹത്തിന്റെ ചിത്രം പാർലമെന്റ് ഹാളിൽ അനാഛാദനം ചെയ്യപ്പെട്ടത് ഏറെ ഒച്ചപ്പാടുകൾക്ക് വഴിവെച്ചിരുന്നു. ആ സവർക്കറെയാണ് ചിത്രം സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളിയായി ചിത്രീകരിക്കുന്നത്.

മമ്മൂട്ടിയെന്ന നടൻ ഒരഭിമുഖത്തിൽ പറഞ്ഞു, തനിക്ക് കുഞ്ഞാലി മരക്കാരായി അഭിനയിക്കണം. കേരള തീരങ്ങളിൽ അധിനിവേശകരായ പറങ്കികൾക്കെതിരിൽ പടനയിച്ച, കേരളീയ പൈതൃകത്തെ സ്വന്തം മാറുകാട്ടി സംരക്ഷിച്ച കുഞ്ഞാലി മരക്കാന്മാരുടെയും അദ്ദേഹത്തോടൊപ്പം പോരാടിയ ഹൈന്ദവ ശക്തികളുടെയും വീരചരിത്രം അനാഛാദനം ചെയ്യുന്നിടത്ത് ആധികാരികമായിത്തന്നെ നാം ഉണ്ടാകേണ്ടതല്ലേ! ആ ചരിത്രഗാഥകൾ കേരള മുസ്‌ലിം സമൂഹത്തിന്റെ കഴിഞ്ഞുപോയ സുവർണ അധ്യായങ്ങളാണെന്ന് നമ്മിലെത്ര പേർക്കറിയാം? ഈ ചരിത്രം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാൻ സിനിമയെന്ന ജനകീയ മാധ്യമത്തിലൂടെയേ കഴിയൂ എന്നതൊരു യാഥാർഥ്യമാണ്.

ഇന്ന് നടത്തപ്പെടുന്ന ഫിലിം ഫെസ്റ്റിവലുകളും മേളകളും നമ്മുടെ സന്ദേശങ്ങളെത്തിക്കാനുള്ള നല്ല അവസരങ്ങളാണ്. ഇറാനിയൻ സിനിമകൾ ഒരു പുതിയ സിനിമാ സംസ്കാരം തന്നെ സൃഷ്ടിച്ചെടുത്തിട്ടുണ്ട്. അത്തരം ഉദ്യമങ്ങൾ നടത്താൻ അർഹത തീർച്ചയായും നമുക്കുണ്ട്. അതിനുള്ള വിഭവങ്ങൾ മാത്രമേ കുറവുള്ളൂ.

പൂനയിലും അഡയാറിലും മറ്റും ആധികാരികമായിതന്നെ സിനിമ പഠിപ്പിക്കുന്ന കേന്ദ്രങ്ങളുണ്ട്. എന്തൊക്കെ പരിമിതികളുണ്ടായാലും അത്തരം കേന്ദ്രങ്ങൾ നമുക്ക് നമ്മുടെ സന്ദേശം പ്രചരിപ്പിക്കാനായി വിനിയോഗിക്കണം. ലോക ക്ലാസിക്ക് സിനിമകൾ ഗൗരവമായി പഠിക്കണം. തികച്ചും പ്രഫഷണലായ സമീപനം കൈക്കൊണ്ട് സിനിമാരംഗത്തേക്ക് നാമും കടന്നുവരണം. ജനകീയമായ ഈ മാധ്യമത്തെ വിട്ടുകളഞ്ഞു കൊണ്ടുള്ള ഒരു മുന്നേറ്റവും ചലനാത്മകമായ ഒരു പ്രസ്ഥാനത്തിന് ചേരുന്നതല്ല.

മാപ്പിളപ്പാട്ടുകളെന്ന പേരിൽ ആൽബങ്ങളിൽ വരുന്നവ സാംസ്കാരിക പ്രശ്നമാണ്. സഭ്യതയുടെ എല്ലാ സീമകളും ലംഘിച്ച് കുറേ അഴിഞ്ഞാട്ടക്കാർ നടത്തുന്ന പേക്കൂത്തുകൾ പ്രബുദ്ധ മുസ്ലിംസമൂഹത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. അതിന് ഒരു മറുവശമുണ്ട്. വെറും അഞ്ചുമിനിറ്റിനുള്ളിൽ ഒരു ഗാനത്തിലൂടെ ഒരു വലിയ സന്ദേശം നൽകാൻ ഒരു നല്ല വീഡിയോ ആൽബത്തിന് കഴിയും എന്നത് ഒരു സാധ്യതയാണ്. നന്മയിൽ മത്സരിക്കുന്ന ഒരു പറ്റം കലാകാരന്മാരെ ആ മേഖലയിൽ സംഭാവന നൽകാൻ കഴിഞ്ഞാൽ സ്ഥാപിത താൽപര്യക്കാരായ കച്ചവടക്കാരുടെ കൈയിൽനിന്ന് മാപ്പിളഗാനശാഖയെ രക്ഷിക്കാൻ കഴിയും. ഇന്ന് ഈ വൃത്തികേടുകൾ പാടുന്ന ആളുകൾതന്നെ നമുക്ക് വേണ്ടിയും സഹകരിക്കും. അതിലൂടെ പുതിയൊരു പ്രബോധകസംസ്കാരം കാഴ്ചവെക്കാനാകും. യൂസുഫുൽ ഇസ്ലാമിനെപ്പോലെ നമുക്കും ഗാനശാഖയെ മാധ്യമമാക്കാൻ കഴിയും, കഴിയേണ്ടതുണ്ട്. തീർച്ചയായും ഇത്തരം ചർച്ചകൾ ഇനിയും നടക്കണം.

**എസ്.എം. പാലക്കാട്**

# അബ്രാമും അബ്രഹാമും

ഇ.സി സൈമൺ മാസ്റ്ററുടെ ബൈബിൾ-ഖുർആൻ താരതമ്യപഠനം-6 (2007 ഏപ്രിൽ 14) വായിച്ചു. അതിൽ പറയുന്നു, ബൈബിളിലും ഖുർആനിലും വിവരിക്കപ്പെട്ടിട്ടുള്ളതാണ് അബ്രഹാമിന്റെ പുത്രബലി. അബ്രഹാമിന് 86 വയസ്സുള്ളപ്പോഴായിരുന്നു അദ്ദേഹത്തിന് ആദ്യ പുത്രൻ ഇശ്മായേൽ ജനിച്ചതെന്ന് ബൈബിൾ പറയുന്നു. ആ ജനനം ബൈബിൾ ഇങ്ങനെ രേഖപ്പെടുത്തി: "ഹാഗാറിൽ അബ്രാമിന് ഒരു പുത്രൻ ജനിച്ചു. ഹാഗാർ പ്രസവിച്ച മകന് അബ്രാം ഇശ്മായേൽ എന്ന് പേരിട്ടു. ഹാഗാർ ഇശ്മായേലിനെ പ്രസവിച്ചപ്പോൾ അബ്രാമിന് എൺപത്തിയേഴ് വയസ്സായിരുന്നു" (ഉൽപത്തി 16:15,16).

ഇത്രയും പറഞ്ഞതിൽനിന്നുതന്നെ മാസ്റ്ററുടെ പഠനം വകതിരിവോടെയല്ലെന്ന് മനസ്സിലാകും. അബ്രാമും അബ്രഹാമും തമ്മിൽ ഒരു തിരിച്ചുഭേദവും ഉള്ളതായി മാസ്റ്റർ ഭാവിക്കുന്നില്ല. ബൈബിളിൽ പറയുന്ന യിസ്ഹാക്കിന്റെ പിതാവായ അബ്രഹാം ഇശ്മായേലിന്റെ പിതാവായ അബ്രാമിൽനിന്നും തികച്ചും വ്യത്യസ്തനാണ്. ഇത് മനസ്സിലാക്കാൻ അസാമാന്യ കഴിവൊന്നും ആവശ്യമില്ല. പുത്രബലിയെ പറ്റി ബൈബിൾ പറയുന്നത് ഇനി പറയും പ്രകാരമാണ്:

"അതിന്റെ ശേഷം ദൈവം അബ്രഹാമിനെ പരീക്ഷിച്ചത് എങ്ങനെയെന്നാൽ; അബ്രഹാമേ, എന്ന് വിളിച്ചതിനു ഞാൻ ഇതാ എന്ന് അവൻ പറഞ്ഞു. അപ്പോൾ നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെതന്നെ, കൂട്ടിക്കൊണ്ട് മോരിയാ ദേശത്ത് ചെന്നു, അവിടെ ഞാൻ നിന്നോട് കൽപിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്കൂ എന്ന് അരുളിച്ചെയ്തു" (2:22 1-2).

ഇനി അബ്രാം അബ്രഹാം ആയത് പറയാം: "അബ്രാമിന് തൊണ്ണൂറ്റൊമ്പത് വയസ്സായപ്പോൾ യഹോവ അബ്രാമിന് പ്രത്യക്ഷനായി അവനോട്; ഞാൻ സർവശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുമ്പാകെ നടന്ന് നിഷ്കളങ്കനായിരിക്ക. എനിക്കും നിനക്കും മധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും; നിന്നെ അധികമധികമായി വർധിപ്പിക്കും എന്ന് അരുളിച്ചെയ്തു. അപ്പോൾ അബ്രാം സാഷ്ടാഗം വീണു; ദൈവം അവനോട് അരുളിച്ചെയ്തതെന്തെന്നാൽ; എനിക്ക് നിന്നോടൊരു നിയമമുണ്ട്; നീ ബഹുജാതികൾക്ക് പിതാവാകും; ഇനി നിന്നെ അബ്രാം എന്നല്ല വിളിക്കേണ്ടത്; ഞാൻ നിന്നെ ബഹുജാതികൾക്ക് പിതാവാക്കിയിരിക്കയാൽ നിന്റെ പേർ അബ്രഹാം എന്നിരിക്കേണം" (ഉൽപത്തി 17:1-5). ഇശ്മായേലിന്റെ അപ്പനായ അബ്രാമിന്റെ കാലം തൊണ്ണൂറ്റൊമ്പതു വയസ്സ്. തുടർന്നുള്ളത് അബ്രഹാമിന്റെ കാലമാണെന്ന് മനസ്സിലാക്കുന്നതാണ് ന്യായം. ആ അബ്രഹാമിന്റെ ആദ്യജാതൻ യിസ്ഹാക്ക് തന്നെയെന്ന് ബൈബിൾ പറഞ്ഞില്ലെങ്കിലും മനസ്സിലാകും.

**രാജൻ, ശ്രീമൂലനഗരം**

# പരേതർക്കിടയിലെ വേർതിരിവ്

മരണപ്പെട്ട വ്യക്തികളുടെ കർമ-സ്വഭാവ സവിശേഷതകൾ പിന്മുറക്കാർക്ക് അനുകരിക്കാൻ ഉതകുംവിധം പ്രയോജനപ്രദമാണ് വാരികയിലെ അനുസ്മരണ പംക്തി. എന്നാൽ ഈയിടെയായി ഈ പംക്തിക്ക് രണ്ടു തലക്കെട്ടുകൾ കണ്ടുവരുന്നു. അനുസ്മരിക്കപ്പെടുന്നത് പണ്ഡിതരോ പൗരപ്രമുഖരോ പ്രസ്ഥാന നായകരോ ആണെങ്കിൽ ശീർഷകം 'സ്മരണ'. ഇതെഴുന്നത് മുൻനിര എഴുത്തുകാരായിരിക്കും. അതുകൊണ്ടുതന്നെ ആകർഷകവുമായിരിക്കും. സാധാരണ പ്രവർത്തകർ, അനുഭാവികൾ, മറ്റുള്ളവർ ആണ് അനുസ്മരിക്കപ്പെടുന്നതെങ്കിൽ തലക്കെട്ട് 'അനുസ്മരണം'. പ്രാദേശികതലത്തിലെ പരേതന്റെ സുഹൃത്തുക്കളോ സഹപ്രവർത്തകരോ മറ്റോ ആയിരിക്കും ഇതെഴുതുന്നത്. എഴുത്തിലെ മികവില്ലായ്മ മൂലം ഇവരിൽ ചിലർക്കെങ്കിലും പരേതന്റെ പല വിശിഷ്ടഗുണങ്ങളും പ്രതിഫലിപ്പിക്കാൻ കഴിയാതെ പോകുന്നു.

അല്ലാഹുവിങ്കൽ മനുഷ്യർക്കിടയിലെ ശ്രേഷ്ഠതക്കുള്ള ഒരേയൊരു മാനദണ്ഡം ദൈവഭക്തിയാണല്ലോ. ഈ ദൈവഭക്തി അളക്കാനുള്ള അളവുകോലൊന്നും നമ്മുടെ കൈവശം ഇല്ലെന്നിരിക്കെ *പ്രബോധനം* 'സ്മരണ'യിലേക്കും 'അനുസ്മരണ'ത്തിലേക്കും പരേതരെ വേർതിരിക്കുന്നതിലെ മാനദണ്ഡം എന്താണ്? പണ്ഡിതരോടും പൗരപ്രമുഖരോടും പ്രസ്ഥാന നായകരോടും ഉള്ള ആദരവും ബഹുമാനവും അംഗീകരിച്ചുകൊണ്ടുതന്നെ ചോദിക്കട്ടെ, ദൈവഭക്തിയിൽ മുന്നിട്ടുനിൽക്കുകയും അധികമൊന്നും അറിയപ്പെടാതെ മരിച്ചുപോവുകയും ചെയ്യുന്നവർ സാധാരണക്കാരിൽ കാണില്ലേ? 'സ്മരണ'യോ 'അനുസ്മരണ'മോ ഏതെങ്കിലും ഒരു തലക്കെട്ടിനു കീഴിൽ വേർതിരിവില്ലാതെ പരേതരെ അനുസ്മരിക്കുന്നതല്ലേ കൂടുതൽ കരണീയം?

'മഹാന്മാരെ ശാശ്വതമാക്കൽ' എന്ന തലക്കെട്ടിൽ ഡോ. യൂസുഫുൽ ഖറദാവി എഴുതി: "സത്യവിശ്വാസികൾ പ്രതീക്ഷിക്കുന്ന യഥാർഥമായ ശാശ്വതീകരണം അല്ലാഹുവിന്റെ അടുക്കലുള്ളതാണ്. അവൻ രഹസ്യവും പരമരഹസ്യവും അറിയുന്നവനാണ്. മറക്കാത്തവനും പിഴക്കാത്തവനുമാണ്. മനുഷ്യർക്കിടയിൽ തീരെ അറിയപ്പെടാത്ത എത്ര സേനാനികളാണ് അവന്റെ അടുത്തുള്ള അനശ്വരതയുടെ താളുകളിൽ മഹാന്മാരായി രേഖപ്പെടുത്തപ്പെട്ടു കിടക്കുന്നത്! കാരണം, പ്രത്യക്ഷത്തിൽ അറിയപ്പെടാതിരിക്കുകയും മറഞ്ഞുപോകുന്നതോടെ നാശമടയാതിരിക്കുകയും ചെയ്യുന്ന അപ്രശസ്തരായ സൂക്ഷ്മശാലികളെയും പുണ്യവാളന്മാരെയുമാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്" (*വിധിവിലക്കുകൾ*, പേജ് 122,123, ഐ.പി.എച്ച് കോഴിക്കോട്).

**അബൂഹബീബ് വരോട്**
**ദമ്മാം**